## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 4253** | **12.11.2019-ൽ മറുപടിക്ക്**

### മലപ്പുറം - നിലമ്പൂർ പ്രസരണ ലൈൻ

| ചോദ്യം<br>ശ്രീ. പി.വി. അൻവർ | മറുപടി<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|
| (എ) മലപ്പുറം - നിലമ്പൂർ പ്രസരണ ലൈൻ 110 കെ.വി. ആയി ശേഷി വർദ്ധിപ്പിക്കുന്ന പ്രവൃത്തിയുടെ നിലവിലെ അവസ്ഥ വിശദമാക്കാമോ; | (എ) മലപ്പുറം - നിലമ്പൂർ 66 കെ.വി ലൈൻ (38 കി. മീ) ശേഷി വർദ്ധിപ്പിച്ച് 110 കെ.വി ആക്കുന്നതിന്റെ ജോലികൾ പുരോഗമിക്കുന്നുണ്ട്. ഇതിൽ മലപ്പുറം മുതൽ മഞ്ചേരി വരെ (ലൊക്കേഷൻ 1 മുതൽ 38 എ) ലൈനിന്റെ പ്രവൃത്തി 2017-ൽ പൂർത്തീകരിച്ച് ചാർജ് ചെയ്തിട്ടുണ്ട്. മഞ്ചേരി മുതൽ ഇളങ്കൂർ സബ്സ്റ്റേഷൻ വരെയുള്ള (ലോക്കേഷൻ 38 മുതൽ 41) ഭാഗങ്ങളിൽ ടവർ സ്ഥാപിക്കുന്ന ജോലി പൂർണ്ണമായിട്ടുണ്ട് (1.7 കി.മീ). ഈ ഭാഗങ്ങളിൽ കമ്പികൾ വലിക്കുന്ന ജോലികളും ഏറെക്കുറെ പൂർണ്ണമായിട്ടുണ്ട്. ഇളങ്കൂർ മുതൽ നിലമ്പൂർ ബൈപ്പാസ് (ലൊക്കേഷൻ 42 മുതൽ 93) വരെയുള്ള ഭാഗങ്ങളിൽ (17.1 കി.മീ) ടവർ നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ച് വരുന്നു. നിലമ്പൂർ ബൈപ്പാസ് മുതൽ നിലമ്പൂർ സബ്സ്റ്റേഷൻ വരെ ലൊക്കേഷൻ 93 മുതൽ 114 വരെയുള്ള (5.2 കി.മീ) ഭാഗങ്ങളിൽ PWD പുതിയ ബൈപ്പാസ് റോഡ് (നിലമ്പൂർ) നിർമ്മിക്കുന്നതിനായി ടവറുകൾ മാറ്റി മോണോപോൾ സ്ഥാപിച്ച് ലൈൻ വലിക്കേണ്ടതുണ്ട്. ഇതിനായി ചെലവ് വരുന്ന തുക അടക്കുവാൻ ആവശ്യപ്പെട്ട് റോഡ് വിഭാഗത്തിന് അറിയിപ്പ് കൊടുത്തിട്ടുണ്ട്. PWD റോഡ് വിഭാഗം തുക അടക്കുന്ന മുറക്ക് ഈ ഭാഗത്തെ ജോലികൾ തുടങ്ങാനാകും. |
| (ബി) ഈ ലൈൻ എന്ന് കമ്മീഷൻ ചെയ്യാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (ബി) ഈ പ്രവൃത്തി **2019-20** കാലയളവിൽ പൂർത്തീകരിക്കാനാണ് ഉദ്ദേശിച്ചിരുന്നത്. എന്നാൽ **PWD** വിഭാഗത്തിന്റെ നിലമ്പൂർ ബൈപാസ് നിർമ്മാണവുമായി ബന്ധപ്പെട്ട് പ്രവൃത്തിയിലുണ്ടായ ഭേദപ്പെടുത്തലുകൾക്കുള്ള അധിക തുക അടക്കുന്നതിനായി **03.04.2019**-ന് **PWD** അധികൃതർക്ക് ഡിമാന്റ് നോട്ടീസ് നൽകിയിരുന്നെങ്കിലും നാളിതുവരെ തുക അടച്ചിട്ടില്ല. പ്രസ്തുത തുക അടയ്ക്കുന്ന മുറയ്ക്ക് ടെൻഡർ നടപടികൾ ആരംഭിക്കുന്നതാണ്. അതിനു ശേഷം ഏകദേശം ഒരു വർഷത്തിനകം പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. |

സെക്ഷൻ ഓഫീസർ